Daily: Malayala Manorama

Date: 05/09/2024

Subject: UDHYMA 1.0

Page. 15

## പ്രീ കോൺക്ലേവ്: ഉദ്യമ 1.0 ആരംഭിച്ചു

ആരക്കുന്നം ● സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് നടപ്പാക്കുന്ന ഇൻഡസ്ട്രി അക്കാദമിയ ഗവൺമെന്റ് പ്രീ കോൺക്ലേവ് (ഉദ്യമ 1.0) ടോക്എച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ ആരംഭിച്ചു. പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള നിർദേശങ്ങൾ വ്യവസായ പ്രതിനിധികളിൽ നിന്നു സ്വീകരിക്കുക, വ്യവസായ സ്ഥാപനങ്ങളിൽ ആവശ്യമുള്ള കഴിവ് മനസ്സിലാക്കി ആഡ് ഓൺ കോഴ്സുകൾ തുടങ്ങി പരിശീലനം നൽകുക തുടങ്ങിയവയാണ് 3 മാസത്തെ പരിപാടിയിലുള്ളത്. പ്രീ കോൺക്ലേവ് പരിപാടികളുടെ ജില്ലാതല ഉദ്ഘാടനം അനൂപ് ജേക്കബ് എംഎൽഎ നിർവഹിച്ചു. ടോക്എച്ച് പബ്ലിക് സ്കൂൾ സൊസൈറ്റി മാനേജർ കുര്യൻ തോമസ് അധ്യക്ഷത വഹിച്ചു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടർ അനി എബ്രഹാം, കോളജ് ഉദ്യമ കോ ഓർഡിനേറ്റർ ഡോ. ആർ. രശ്മി, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷാജി മാധവൻ, ടോക്എച്ച് പബ്ലിക് സ്കൂൾ സൊസൈറ്റി സെക്രട്ടറി മധു ചെറിയാൻ, പ്രിൻസിപ്പൽ ഡോ. പ്രീതി തെക്കേത്, മുളന്തുരുത്തി പഞ്ചായത്ത് പ്രസിഡന്റ് മറിയാമ്മ ബെന്നി, ഡോ. രാജേഷ് കൊച്ചുരിൽ, അസിസ്റ്റന്റ് പ്രഫസർ റോവിൻ കെ. ജോൺ തുടങ്ങിയവർ പ്രസംഗിച്ചു.




കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് നടപ്പാക്കുന്ന 'ഉദ്യമ 1.0' പ്രീ കോൺക്ലേവ് പരിപാടികളുടെ ജില്ലാതല ഉദ്ഘാടനം ആരക്കുന്നം ടോക് എച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ അനൂപ് ജേക്കബ് എംഎൽഎ നിർവഹിക്കുന്നു. ടോക് എച്ച് മാനേജർ കുര്യൻ തോമസ്, സെക്രട്ടറി മധു ചെറിയാൻ, ബ്ലോക്ക് പ്രസിഡന്റ് ഷാജി മാധവൻ, പഞ്ചായത്ത് പ്രസിഡന്റ് മറിയാമ്മ ബെന്നി, ജോയിന്റ് ഡയറക്ടർ അനി എബ്രഹാം ഉദ്യമ കോ-ഓർഡിനേറ്റർ ഡോ.രശ്മി, പ്രിൻസിപ്പൽ ഡോ. പ്രീതി തെക്കേത് എന്നിവർ സമീപം